**'ജലം ജീവാമൃതം'**

## ഡയറക്ടറുടെ നടപടിക്രമം

വിഷയം:-കേരള വാട്ടർ അതോറിറ്റി - ജീവനക്കാര്യം - 26.11.2018 ലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ SLP(C)No. 27604/2017 മേലുള്ള വിധിന്യായത്തിൻറെ അടിസ്ഥാനത്തിൽ അധിവർഷത്തിലുണ്ടായ അധിക ദിനങ്ങൾ കൂടി പരിഗണിച്ച് സേവനകാലം പുനർനിർണ്ണയിക്കുന്നതിനുള്ള അനുമതി കേരള വാട്ടർ അതോറിറ്റിയിലും ബാധകമാക്കി ഉത്തരവ് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## കേരള വാട്ടർ അതോറിറ്റി

നമ്പർ: കെ ഡബ്ല്യു എ/JB/E1/17867/2019 തീയതി, തിരുവനന്തപുരം, 17.10.2020

---

സൂചന:- 1. സ.ഉ(അച്ചടി) നം. 102/2019/ധന തീയതി, 14.08.2019
2. 27.01.2020ലെ 412-ാമത് കേരള വാട്ടർ അതോറിറ്റിയുടെ 10977-ാം ബോർഡ് തീരുമാനം.

**ഉത്തരവ്**

സേവനകാലത്തെ അധിവർഷങ്ങളിലെ അധികദിനങ്ങൾ കൂടി പരിഗണിച്ച് സേവനകാലയളവ് പുനർനിർണ്ണയിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.എം.വി.മത്തായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)10405/2009 നമ്പർ ഹർജിയിൽ അനുകൂല വിധി നേടുകയും ആയതിനെതിരെ സർക്കാർ 146/2016 നമ്പരായി റിട്ട് അപ്പീൽ ഫയൽ ചെയ്യുകയും 17.07.2017 ലെ വിധിന്യായത്തിലൂടെ ബഹുമാനപ്പെട്ട ഹൈക്കോടതി റിട്ട് അപ്പീൽ തള്ളിയതിനെ തുടർന്ന് സ്തുത വിധിന്യായത്തിനെതിരെ സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ SLP(C) No.27604/2017 ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട സുപ്രീം കോടതി 26.11.2018 ലെ വിധിന്യായത്തിലൂടെ പ്രസ്തുത കേസ് തള്ളുകയും ചെയ്തു.

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 26.11.2018 ലെ വിധിന്യായത്തിൻറെ അടിസ്ഥാനത്തിലും നിയമവകുപ്പിൻറെയും അഡ്വക്കേറ്റ് ജനറലിൻറെയും നിയമോപദേശം കണക്കിലെടുത്തുകൊണ്ടും സമാനമായ കേസുകളിൽ സേവനകാലയളവിലെ അധിവർഷങ്ങളിലുണ്ടായ അധികദിനങ്ങൾ കൂടി പരിഗണിച്ച് സേവനകാലയളവ് പുനർ നിർണ്ണയിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ബന്ധപ്പെട്ട പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി വകുപ്പ് തലവനെ ചുമതലപ്പെടുത്തി സർക്കാർ 14.08.2019 ലെ സ.ഉ.(അച്ചടി) 102/2019/ധന നമ്പർ പ്രകാരം ഉത്തരവായിരുന്നു.

അധിവർഷത്തിലെ അധികദിനങ്ങൾ യോഗ്യ സേവനകാലത്തിൽ ഉൾപ്പെടുത്തുമ്പോൾ ജീവനക്കാരൻ/പെൻഷണർ സർവ്വീസ് കാലയളവിൽ വരുന്ന അധിവർഷങ്ങളിലെ അധിക ദിനങ്ങളിൽ (ഫെബ്രുവരി 29) സേവനത്തിലുണ്ടായിരുന്നുവെന്ന് (അർഹതപ്പെട്ട അവധി ഉൾപ്പടെ) സേവന പുസ്തകം, ഹാജർപുസ്തകം/ശമ്പളബിൽ രജിസ്റ്റർ/അക്വിറ്റൻസ് റോൾ എന്നിവ പരിശോധിച്ചാവണം ഉത്തരവ് നൽകേണ്ടത്.

സർക്കാരിൻറെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും ബി.എസ്.നകാരയും മറ്റുള്ളവരും V/s യൂണിയൻ ഓഫ് ഇൻഡ്യ (1983) (1) SSC 305) എന്ന കേസിലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവ് പരിഗണിച്ചും ഈ ഉത്തരവിൻറെ സാമ്പത്തിക ആനുകൂല്യം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഈ വിധിന്യായത്തിൻറെ തീയതി, 26.11.2018 മുതൽ അനുവദിക്കേണ്ടതാണ്.

അധിവർഷത്തിലെ അധിക ദിനങ്ങളിലെ ആനുകൂല്യം ലഭിക്കുന്നതിന് വിരമിച്ച ജീവനക്കാർ ഈ ഉത്തരവ് തീയതി മുതൽ മൂന്നുമാസത്തിനകം അവസാനം ജോലി ചെയ്ത ആഫീസ് മുഖാന്തിരം പെൻഷൻ സാങ്ഷനിംഗ് അതോറിറ്റിയ്ക്ക് അപേക്ഷ നൽകേണ്ടതാണ്. കാലാവധിയ്ക്ക് ശേഷം ലഭിക്കുന്ന

Draft #3 of File KWA/JB/E1/17867/2019 Approved by Managing Director on 17-Oct-2020 12:46 PM - Page 1

അപേക്ഷകൾ നിരസിക്കേണ്ടതാണ്.

ഉത്തരവിനുശേഷം വിരമിക്കുന്നവരുടെ കേസുകളിൽ യോഗ്യ സേവന കാലമായി പരിഗണിക്കാൻ കഴിയുന്ന അധിവർഷത്തിലെ അധിക ദിനങ്ങൾ സേവന കാലയളവിനൊപ്പം പെൻഷന് പരിഗണിച്ച് പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി, പെൻഷൻ അപേക്ഷ അക്കൗണ്ടൻറ് ജനറലിന് സമർപ്പിക്കേണ്ടതാണ്.

നിലവിലുള്ള കോടതി കേസുകളിലും പുതുതായി ലഭിക്കുന്ന നിവേദനങ്ങളിലും ഉത്തരവ് തീയതിക്കുശേഷം വിരമിക്കുന്ന കേസുകളിലും ജീവനക്കാരൻറെ/പെൻഷണറുടെ അധിവർഷത്തിലെ അധികദിനങ്ങൾ സംബന്ധിച്ച് ഓഫീസ് മേധാവി അനുബന്ധത്തിൽ ചേർത്തിരിക്കുന്ന മാതൃകയിലുള്ള ഒരു സാക്ഷ്യപത്രം പെൻഷൻ സാങ്ഷനിംഗ് അതോറിറ്റിക്ക് നൽകേണ്ടതാണ്. പെൻഷൻ പുനർ നിർണ്ണയിക്കുന്നതിന് പെൻഷന് യോഗ്യ സേവനകാലമായി പരിഗണിക്കുന്നതിന് ടി സാക്ഷ്യപത്രം പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി ഖണ്ഡിക 3(1) പ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവിനോടൊപ്പം അക്കൗണ്ടൻറ് ജനറലിന് സമർപ്പിക്കേണ്ടതാണ്.

തുടർന്ന് സർക്കാർ നിശ്ചയിച്ച മേൽ നിബന്ധനകൾ പാലിച്ചുകൊണ്ട് കേരള വാട്ടർ അതോറിറ്റിയിലും ജീവനക്കാരുടെ സേവന കാലയളവിലെ അധിവർഷങ്ങളിലുണ്ടായ അധികദിനങ്ങൾ കൂടി പരിഗണിച്ച് സേവനകാലയളവ് പുനർനിർണ്ണയിക്കുന്നതിനായി ബോർഡിന് മുമ്പാകെ സമർപ്പിക്കുകയും ബോർഡ് സൂചന രണ്ട് പ്രകാരം 26.11.2018-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ SLP(C)No. 27604/2017 മേലുള്ള വിധിന്യായത്തിൻറെ അടിസ്ഥാനത്തിൽ അധിവർഷത്തിലുണ്ടായ അധിക ദിനങ്ങൾ കൂടി പരിഗണിച്ച് സേവനകാലം പുന:നിർണ്ണയിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുള്ള സർക്കാർ ഉത്തരവ് കേരള വാട്ടർ അതോറിറ്റിയിലും നടപ്പിലാക്കാൻ തീരുമാനിച്ചു.

മേൽ വിവരിച്ച സാഹചര്യത്തിൽ 26.11.2018-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ SLP(C)No. 27604/2017 മേലുള്ള വിധിന്യായത്തിൻറെ അടിസ്ഥാനത്തിൽ അധിവർഷത്തിലുണ്ടായ അധിക ദിനങ്ങൾ കൂടി പരിഗണിച്ച് സേവനകാലം പുനർനിർണ്ണയിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുള്ള സർക്കാർ ഉത്തരവ്[സ.ഉ.(അച്ചടി)102/2019/ ധനനമ്പർ] കേരള വാട്ടർ അതോറിറ്റിയിലും നടപ്പിലാക്കി ഇതിനാൽ ഉത്തരവാകുന്നു.

ഉള്ളടക്കം : ബോർഡ് റസലൂഷൻ

(ഒപ്പ്)
മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും

ഉത്തരവിന്റെ പകർപ്പ്

Draft #3 of File KWA/JB/E1/17867/2019 Approved by Managing Director on 17-Oct-2020 12:46 PM - Page 2

The document is digitally approved. Hence signature is not needed.